**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 403** **20-03-2025 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കേണ്ട സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നിക്ഷേപ സൗഹൃദ കാലാവസ്ഥ നിലവിലുള്ളതിനാൽ സംസ്ഥാനത്ത് കൂടുതൽ വ്യവസായ മേഖലകളിലേക്ക് പ്രത്യേകിച്ച് വ്യാവസായിക നയത്തിൽ ഊന്നൽ നൽകിയിട്ടുള്ള മേഖലകളിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള സുപ്രധാന ഘടകം ഈ മേഖലകൾക്ക് ആവശ്യമായ ആഗോള നൈപുണ്യക്ഷമതയുള്ള മാനവ വിഭവശേഷിയെ വാർത്തെടുക്കുക എന്നതാണ്. ആയതിനാൽത്തന്നെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ സമ്പൂർണ്ണ വിജയത്തിനായി ലഭ്യമായിട്ടുള്ള നിക്ഷേപ ഓഫറുകളെ വിജയകരമായി പ്രാവർത്തികമാക്കുന്നതിനും, നിക്ഷേപകർക്ക് കൂടുതൽ ആത്മ വിശ്വാസം നൽകുന്നതിനും ഇത്തരത്തിലുള്ള മേഖലകളിൽ നൈപുണ്യ ശേഷിയുള്ള മാനവവിഭവശേഷിയെ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. ഇതിലൂടെ സംസ്ഥാനത്തേക്കു കൂടുതൽ മികച്ച അന്തർദേശീയ പ്രാധാന്യമുള്ള കമ്പനികളെ ആകർഷിക്കുന്നതിനും, കൂടുതൽ വളർച്ചാ നിരക്കുള്ള വ്യവസായ സംരംഭങ്ങൾ ഫലപ്രദമായി സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനും കഴിയും. ആയതിനാൽ സംസ്ഥാനത്തെ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ച് വരികയാണ്. |

| | | | |
|---|---|---|---|
| (ബി) | ആഗോള കമ്പനികൾ കേരളത്തിൽ വൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യത്തിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് വ്യാവസായിക പരിശീലന കോഴ്സുകൾ വൈവിധ്യവൽക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സാങ്കേതിക പുരോഗതിയുടെയും മാറിക്കൊണ്ടിരിക്കുന്ന വിപണി ആവശ്യകതകളുടെയും വേഗത കണക്കിലെടുത്ത് വ്യാവസായിക പ്രാധാന്യമുള്ളതും വ്യവസായധിഷ്ഠിത കരിക്കുലം ഉള്ളതുമായ നൈപുണ്യ പരിശീലന കോഴ്സുകൾ അസാപ് കേരള നൽകി വരുന്നുണ്ട്. ഇതിനായി, ഉൽപ്പാദനം, ഐ.ടി, ആരോഗ്യ സംരക്ഷണം, ബാങ്കിങ് ആൻഡ് ഫിനാൻസ്, ഹോസ്പിറ്റാലിറ്റി തുടങ്ങിയ വ്യവസായ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന വിവിധ അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി ധാരണയിലെത്തിയിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റ സയൻസ്, സൈബർ സുരക്ഷ, ഫുൾ-സ്റ്റാക്ക് പ്രോഗ്രാമിംഗ്, എൻറോൾഡ് ഏജന്റ് തുടങ്ങിയ മേഖലകളിൽ സമഗ്രമായ പരിശീലന കോഴ്സുകൾ നൽകിവരുന്നു. സോഫ്റ്റ്‌വെയർ വികസനം, ഡാറ്റ വിശകലനം, നെറ്റ്‌വർക്ക് സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എഞ്ചിനീയറിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, നഴ്സിംഗ് മേഖല എന്നിവയിലെ കരിയറുകൾക്ക് വിദ്യാർത്ഥികളെ സജ്ജമാക്കുക എന്നതാണ് ഈ കോഴ്സുകളുടെ ലക്ഷ്യം.<br>വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, പാഠ്യപദ്ധതി അവലോകന സെഷനുകൾ എന്നിവയിൽ, വ്യവസായ പ്രൊഫഷണലുകൾ സജീവമായി പങ്കെടുക്കുകയും അത്യാധുനിക സാങ്കേതികവിദ്യകൾ, വ്യവസായത്തിലെ മികച്ച രീതികൾ, വിജയത്തിന് ആവശ്യമായ പ്രത്യേക വൈദഗ്ധ്യം എന്നിവയെക്കുറിച്ച് വിലമതിക്കാനാവാത്ത ഉൾക്കാഴ്ചകൾ നൽകുകയും ചെയ്യുന്നു. ഹയർ ആൻഡ് ട്രെയിൻ മോഡൽ സംവിധാനത്തിലൂടെ ഒരു വ്യവസായത്തിന് ആവശ്യമായ മാനവശേഷിയെ ആദ്യം തന്നെ തിരഞ്ഞെടുക്കുകയും അവർക്കു വ്യവസ്ഥകൾക്കധിഷ്ഠിതമായ ഒരു ജോബ് ഓഫർ നൽകുകയും ചെയ്യുന്നു. ശേഷം പ്രസ്തുത വ്യവസായത്തിനാവശ്യമായ നൈപുണ്യ കോഴ്സ് തിരഞ്ഞെടുത്തവർക്കു നൽകുകയും, ആ കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കുന്നവർക്കു ജോലി ഉറപ്പാക്കുകയും ചെയുന്ന രീതിയാണ് എൻറോൾഡ് ഏജന്റ് എന്ന കോഴ്സ് ചെയ്യുന്നത്. പ്രായോഗിക പരിശീലനം വർദ്ധിപ്പിക്കുന്നതിന് മൾട്ടിനാഷണൽ കമ്പനികളിൽ സംഘടിത ഇന്റേൺഷിപ്പ് പ്രോഗ്രാമുകളും ജോലിസ്ഥലത്തെ പരിശീലന അവസരങ്ങളും അസാപ് കേരള വാഗ്ദാനം ചെയ്യുന്നു. ഇത് വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക് അറിവ് യഥാർത്ഥ ലോക സാഹചര്യങ്ങളിൽ |

ഉപയോഗിക്കാനും നിർണായകമായ പ്രൊഫഷണൽ കഴിവുകൾ വികസിപ്പിക്കാനും പ്രാപ്തമാക്കുന്നു.

ആഗോളതലത്തിലെ തൊഴിലവസരങ്ങളെ കുറിച്ച് പറയുമ്പോൾ അതാത് തൊഴിൽ മേഖലകളിൽ മികവുള്ളവരാകുക എന്നത് പോലെതന്നെ പ്രസക്തമാണ് വിദേശഭാഷാപരിശീലനം. ഇത് മുന്നിൽക്കണ്ടുകൊണ്ട് ഇംഗ്ലീഷ്, ജർമൻ, ജാപ്പനീസ് മുതലായ വിദേശഭാഷകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം അസാപ് കേരള ഒരുക്കിയിട്ടുണ്ട്.

“ആർട്ടിഫിഷ്യൽ റിയാലിറ്റി/വിർചൽ റിയാലിറ്റി” സാങ്കേതികവിദ്യയിൽ നാല് മികവിന്റെ കേന്ദ്രങ്ങൾ കഴക്കൂട്ടം, പാമ്പാടി (കോട്ടയം), കളമശ്ശേരി, കുന്നംകുളം എന്നീ സ്കിൽ പാർക്കുകളിലായി അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ AVGC-XR നയരേഖയ്ക്ക് അനുസൃതമായാണ് ഈ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് വൻ നിക്ഷേപ സാധ്യതകൾ പ്രതീക്ഷിക്കുന്ന മേഖലയായ സെമി-കണ്ടക്ടർ സാങ്കേതികവിദ്യയിൽ എറണാകുളം, കളമശ്ശേരി സ്കിൽ പാർക്ക് ആസ്ഥാനമാക്കി മികവിന്റെ കേന്ദ്രം സജ്ജീകരിച്ച് തൊഴിൽ പരിശീലനം നല്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഔട്ട്സോഴ്സ്ഡ് സെമികണ്ടക്ടർ അസംബ്ലിംഗ് ആൻഡ് ടെസ്റ്റിംഗ് (OSAT) അക്കാദമി ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനായി കെയ്ൻസ് സെമികോൺ, പെർസെപ്റ്റീവ്സ് സൊല്യൂഷൻസ്, സെമികോൺ ഫാബ് ടെക്നോളജീസ് എന്നിവരുമായി ASAP കേരള ഒരു താൽപ്പര്യ പ്രഖ്യാപനത്തിൽ (DoI) ഒപ്പുവച്ചു. കേരളത്തിന്റെ വളർന്നുവരുന്ന സെമികണ്ടക്ടർ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുക യെന്നതാണ് ഈ സുപ്രധാന സംരംഭത്തിലൂടെ ലക്ഷ്യമിടുന്നത്.

200 ദശലക്ഷം രൂപയുടെ നിക്ഷേപത്തോടെയുള്ള നിർദ്ദിഷ്ട OSAT അക്കാദമി, ഈ ഹൈടെക് മേഖലയിൽ അക്കാദമിക്കും വ്യവസായത്തിനും ഇടയിലുള്ള വിടവ് നികത്തുന്നതിൽ നിർണായക പങ്ക് വഹിക്കും.

ആഗോള നിലവാരത്തിലുള്ള കമ്പനികൾ കേരളത്തിൽ നിക്ഷേപം ചെയ്യാൻ ഉദ്ദേശിക്കുന്ന മേഖലകളെ കണ്ടെത്തി ആ മേഖലകളിലെ

| | | | |
|---|---|---|---|
| | | | വ്യാവസായിക പ്രമുഖരുടെ ഒരു ഫോക്കസ് ഗ്രൂപ്പ് സൃഷ്ടിച്ച് അവരിൽ നിന്നും തൊഴിലവസരങ്ങൾക്ക് വേണ്ട നൈപുണ്യതയെ പറ്റി മനസിലാക്കി അവരുടെ സഹായത്തോടുകൂടി നൈപുണ്യ വികസന കോഴ്സുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ എ വി ജി സി എക്സ് ആർ (AVGC XR), ഹൈഡ്രജൻ പോളിസി, ലോജിസ്റ്റിക്സ് പാർക്ക് പോളിസി, ബയോടെക്നോളജി പോളിസി എന്നിങ്ങനെ വിവിധ വ്യാവസായിക മേഖലകൾക്കിണങ്ങുന്ന തൊഴിൽ വൈദഗ്ധ്യം ഉള്ള മാനവശേഷി സൃഷ്ടിക്കുന്നതിനുള്ള നൈപുണ്യ വികസന കോഴ്സുകൾ കെയ്സ് തയ്യാറാക്കി വരുന്നു. കൂടുതൽ മേഖലകളിലെ വ്യവസായ പ്രമുഖരോടും, അക്കാഡമിക് രംഗത്തെ വിദഗ്ധരോടും ആലോചിച്ച് കൂടുതൽ നൈപുണ്യ പരിശീലന കോഴ്സുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. വ്യാവസായിക പരിശീലന വകുപ്പിൽ പരിശീലനം നൽകുന്ന കോഴ്സുകളിൽ കാലാകാലങ്ങളിൽ സിലബസ് പരിഷ്കരിച്ചാണ് കാലാനുസൃതമായ പരിഷ്കരണത്തിനും പുനഃസംഘടനയ്ക്കും വിധേയമാകുന്നത്. തൊഴിലവസരങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് ന്യൂ ജനറേഷൻ ട്രേഡുകൾ ഡി.ജി.റ്റി, എൻ.സി.വി.റ്റി കോഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Artificial Intelligence, Industrial Robotics and Digital Manufacturing Technician, Additive Manufacturing Technician, Multimedia Animation and Special Effects, Information Technology, Marine Fitter തുടങ്ങിയ ആധുനിക കാലഘട്ടത്തിനനുസൃതമായ സി.ടി.എസ് കോഴ്സുകൾ കേരളത്തിലെ വിവിധ ഐ.ടി.ഐകളിൽ തുടങ്ങാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | കേരളത്തിലെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന് വിദേശ രാജ്യങ്ങളിലെ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | വിവിധ മേഖലകളിലെ നൈപുണ്യ പരിശീലനത്തിന് ഒട്ടേറെ അന്താരാഷ്ട്ര തലത്തിലുള്ള നൈപുണ്യ പരിശീലന സ്ഥാപനങ്ങളുമായി അസാപ് കേരള ധാരണയിലെത്തിയിട്ടുണ്ട്. ഗ്ലോബൽ വർക്ഫോഴ്സ് വികസനത്തിന്റെ ഭാഗമായി ഒരു ഗ്ലോബൽ കരിയർ പാത്ത് വേ ഒരുക്കുകയാണ് അസാപ് കേരള. യുകെ ആസ്ഥാനമായുള്ള ഫോക്കസ് ഗെയിംസ് എന്ന സ്ഥാപനവുമായിച്ചേർന്ന് OSCE (ഒബ്ജക്റ്റീവ് സ്ട്രക്ചേർഡ് ക്ലിനിക്കൽ എക്സാമിനേഷൻ) - യുകെ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകാനാഗ്രഹിക്കുന്ന നഴ്സിംഗ് പ്രൊഫഷണൽസിനുള്ള പ്രവേശനപരീക്ഷ , കെയർ സർട്ടിഫിക്കറ്റ് നോളജ് പ്രോഗ്രാം - യു.കെ, സ്കോട് |

ലൻഡ്, നോർതേൺ അയർലൻഡ് മുതലായ രാജ്യങ്ങളിൽ കെയർ മേഖലയിൽ തൊഴിൽ ലഭിക്കാനാവശ്യമായ സർട്ടിഫിക്കേഷൻ എന്നിവയ്ക്കായുള്ള പരിശീലന സൗകര്യം അസാപ് ലഭ്യമാക്കുന്നു. ഇതോടൊപ്പം ഒട്ടനേകം വിദേശ രാജ്യങ്ങളിൽ അംഗീകാരമുള്ള ലാംഗ്വേജ് പ്രൊഫിഷ്യൻസി ടെസ്റ്റ് ആയ ടോഫൽ (TOEFL ) പരിശീലനത്തിനും അസാപിൽ അവസരമുണ്ട്.

ബി എസ് ഐ ലേർണിംഗ് എന്ന ഓസ്‌ട്രേലിയൻ നൈപുണ്യ പരിശീലന ഏജൻസിയുമായിചേർന്ന് സൈബർ സെക്യൂരിറ്റി മേഖലയിൽ ഓസ്ട്രേലിയ, ന്യൂസീലാൻഡ് എന്നീ രാജ്യങ്ങളിൽ അംഗീകൃതമായ AQF (ഓസ്‌ട്രേലിയൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) അലൈൻഡ് കോഴ്സുകൾ അസാപ് ഉടനടി ലോഞ്ച് ചെയ്യും. ഇതിലൂടെ തൊഴിലന്വേഷകർക്ക് ഓസ്‌ട്രേലിയൻ സ്കിൽ വർക്ക് വിസ ലഭിക്കാനുള്ള സുഗമമായ വഴിയൊരുക്കാൻ സാധിക്കും. ഇത് കൂടാതെ യു.എസ് അക്കൗണ്ടിംഗ് മേഖലയിലെ പ്രധാന ജോബ് റോളായ എൻറോൾഡ് ഏജന്റ് ആകാൻ കഴിഞ്ഞ രണ്ട് വർഷമായി അസാപ് പരിശീലനം നൽകി വരുന്നു. ഇതോടൊപ്പം യു.എസ് അക്കൗണ്ടിംഗ് മേഖലയിലെ തന്നെ മറ്റൊരു ജോബ് റോളായ സെർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റ് പരിശീലനത്തിനും അസാപ് അവസരമൊരുക്കുന്നു.

ഇറ്റലി ആസ്ഥാനമായ ആർഡ്വിനോ (Arduino) എന്ന സ്ഥാപനവുമായിച്ചേർന്ന് 8 വയസിന് മുകളിലുള്ള കുട്ടികൾക്ക് STEM എഡ്യൂക്കേഷൻ നൽകാനുള്ള പദ്ധതിയ്ക്കായുള്ള ചർച്ച പുരോഗമിക്കുന്നു. നെതർലാൻഡ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനിയായ ആക്സോനോബലിന്റെ CSR പദ്ധതിയിൽ ഉൾപ്പെടുത്തി വെഹിക്കിൾ റീഫിനിഷ് പെയിന്റിംഗിൽ സൗജന്യ പരിശീലനം മലപ്പുറം തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മുഖാന്തിരം നടത്തപ്പെടുന്നുണ്ട്.
സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള ഐ.ടി.ഐ, പോളിടെക്നിക് വിദ്യാലയങ്ങളിലെ അവസാന വർഷ വിദ്യാർത്ഥികൾക്ക് ജർമനിയിൽ പ്രതിമാസം 1,200 യൂറോ സ്റ്റൈപ്പൻഡോടെ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസത്തിനും അപ്രന്റീസ്ഷിപ്പിനുമായുള്ള പദ്ധതിക്ക് സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് രൂപം നൽകിയിട്ടുണ്ട്. കൂടാതെ

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ജർമൻ യൂണിവേഴ്സിറ്റികളുടെ സഹായത്തോടെ നൈപുണ്യ വികസനത്തിനായി ഒരു സ്കിൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളും കെയ്സ് നടത്തി വരികയാണ്. സംസ്ഥാനത്തെ വിവിധ ഐ.ടി.ഐകളിൽ നിന്നും തിരഞ്ഞെടുക്കുന്ന സമർത്ഥരായ ട്രെയിനികൾക്ക് വിദേശ രാജ്യങ്ങൾ സന്ദർശിച്ച് അവിടുത്തെ ട്രെയിനിംഗ് സംവിധാനങ്ങൾ പരിചയപ്പെടാൻ വേണ്ടിയുള്ള ഒരു പദ്ധതി ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം എന്ന പേരിൽ വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നടത്തുന്നുണ്ട്. |
| (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖം പൂർണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ സംസ്ഥാനത്ത് ഉണ്ടാകുന്ന തൊഴിലുകൾ മലയാളികൾക്ക് ലഭിക്കുവാൻ പാകത്തിൽ അസ്സാപ്പിന്റെ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | അസാപ്പിന്റെ വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി 2024 ജൂൺ 15-ന് നാടിനു സമർപ്പിച്ചു. അദാനി സ്കിൽ ഡെവലപ്മെന്റ് സെന്ററാണ് വിഴിഞ്ഞം സ്കിൽ പാർക്കിൽ അസാപിന്റെ പ്രവർത്തന/പരിശീലന പങ്കാളി. സ്കിൽ പാർക്കിന്റെ 50% മേൽനോട്ടച്ചുമതലയാണ് അദാനി സ്കിൽസിനെ ഏൽപ്പിച്ചിരിക്കുന്നത്. 50% നടത്തിപ്പവകാശം അസാപ്പ് കൈകാര്യം ചെയ്യുന്നു.<br><br>ITV ട്രക്ക് ഓപ്പറേറ്റർ, മറൈൻ സ്ട്രക്ച്ചറൽ ഫിറ്റർ, ലാഷർ തുടങ്ങിയ ഉറമുഖ-കപ്പൽനിർമ്മാണ മേഖലയിലെ പരിശീലനം ഉൾപ്പെടെ 6 വ്യത്യസ്ത കോഴ്സുകളിലായി ഇതിനോടകം 235 ഉദ്യോഗാർത്ഥികൾ വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്കിലൂടെ പരിശീലനം പൂർത്തിയാക്കി. ഇതിൽ 150 പേർക്ക് തൊഴിൽ നേടാനും സാധിച്ചു.<br><br>നിലവിൽ വിവിധ കോഴ്സുകളിലായി 135 ഉദ്യോഗാർത്ഥികൾ സ്കിൽ പാർക്കിൽ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ, സ്കിൽ പാർക്കിൽ പുതിയതായി അവതരിപ്പിച്ച, ഉറമുഖ മേഖലയിൽ മികച്ച തൊഴിൽ സാധ്യത കല്പിക്കപ്പെടുന്ന "പിജി ഡിപ്ലോമ ഇൻ പോർട്ട് ഓപ്പറേഷൻസ് ആൻഡ് ടെർമിനൽ മാനേജ്മെന്റ്" കോഴ്സിലേക്കുള്ള പ്രവേശനനടപടികൾ അവസാനഘട്ടത്തിലാണ്.<br><br>അത്യാധുനിക ക്ലാസ്സ് റൂം - കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഒരുക്കി നിർമ്മിച്ച സ്കിൽ പാർക്കിൽ അർഹരായ ഉദ്യോഗാർത്ഥികൾക്ക് PMKVY പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ തൊഴിൽ പരിശീലനം നേടാനുള്ള സൗകര്യവും, പഠിതാക്കളുടെ സമയസൗകര്യാനുസരണം പഠനം സാധ്യമാക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത iLike പ്രോഗ്രാമുകളും സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ